<u>പതിമൂന്നാം കേരള നിയമസഭ</u>
<u>നാലാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1057</u>    <u>20.03.2012-ൽ മറുപടിക്ക്.</u>

## <u>നെടുങ്കണ്ടത്ത് എൻ.സി.സി.യുടെ ബറ്റാലിയൻ ആരംഭിക്കുന്ന നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി ) |
| (എ) നെടുങ്കണ്ടത്ത് എൻ.സി.സി.യുടെ ബറ്റാലിയൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 'അപ്രൂവൽ ഇൻ പ്രിൻസിപ്പിൾ' നൽകണം എന്നാവശ്യപ്പെട്ട് എൻ.സി.സി. ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) പ്രസ്തുത കത്തിൻമേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ ;<br><br>(സി) പ്രസ്തുത കത്തിൽ ആവശ്യപ്പെട്ട പ്രകാരം 'അപ്രൂവൽ ഇൻ പ്രിൻസിപ്പിൾ' നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | (എ) & (ബി) & (സി) ഇടുക്കി ജില്ലയിൽ എൻ.സി.സി.യുടെ ബറ്റാലിയൻ ആരംഭിക്കുന്നതിന് അപ്രൂവൽ ഇൻ പ്രിൻസിപ്പിൾ നൽകണമെന്നും ബറ്റാലിയൻ പ്രവർത്തനത്തിനായി ഇടുക്കി ജില്ലയിൽ ആറേക്കർ സ്ഥലം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ടു കൊണ്ടുള്ള എൻ.സി.സി. ഡെപ്യൂട്ടി ഡയറക്ടർ ജനറലിന്റെ 10.12.2010 –ലെ കത്ത് 17.12.2010 –ൽ സർക്കാരിൽ ലഭിച്ചിരുന്നു. ടി ശുപാർശ നടപ്പാക്കുന്നതിനുള്ള സാമ്പത്തിക ബാധ്യത 52,40,901/- രൂപയാണെന്നും സൂചിപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ ലഭ്യത റിപ്പോർട്ട് ചെയ്യുന്നതിനായി ഇടുക്കി ജില്ലാ കളക്ടർക്ക് 07.01.2011 –ൽ കത്തയച്ചു. നെടുങ്കണ്ടം ഒഴുകായിൽ വീട്ടിൽ ശ്രീ. ജെ.ജോണിക്കുട്ടി ആറേക്കർ സ്ഥലം ബറ്റാലിയൻ പ്രവർത്തനത്തിനായി ദാനമായി നൽകാൻ തയ്യാറാണെന്ന് 02.02.2011 –ലെ കത്ത് പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.സി.സി. അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 11.02.2011 –ലെ സർക്കാർ കത്ത് പ്രകാരം ടി ഭൂമി ബറ്റാലിയൻ ആരംഭിക്കുന്നതിന് അനുയോജ്യമാണോയെന്ന് പരിശോധിക്കുവാനും വസ്തുവിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് , |

ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ്, കരം ഒടുക്കിയത് സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമാക്കുവാനും എൻ.സി.സി. ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി വസ്തുവിന്റെ രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും കേന്ദ്ര പ്രതിരോധ മന്ത്രാലയവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതിനാൽ ശുപാർശ

പരിഗണിക്കണമെന്ന് 20.04.2011 –ലെ കത്തിലൂടെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ആവശ്യപ്പെട്ട പ്രകാരം ടി വിഷയം ശുപാർശ ചെയ്ത് 11.05.2011 –ൽ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയുണ്ടായി.

ധനകാര്യ വകുപ്പിന്റെ 26.05.2011 –ലെ അഭിപ്രായപ്രകാരം എൻ.സി.സി. വകുപ്പിൽ ബറ്റാലിയൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ തസ്തിക സൃഷ്ടിക്കൽ, നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെയും ഭൂമിയുടെയും വില, മറ്റ് റിക്കറിംഗ് ആന്റ് നോൺ റിക്കറിംഗ് ചെലവുകൾ തുടങ്ങിയവ ഉൾപ്പെടുത്തി പദ്ധതി നടത്തിപ്പിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിന് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. ടി വിവരങ്ങൾ ലഭ്യമാക്കാൻ 31.05.2011, 16.09.2011 , 31.10.2011 തീയതികളിലെ സർക്കാർ കത്തുകളിലൂടെ ഡെപ്യൂട്ടി ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 04.02.2012 –ലാണ് ഡെപ്യൂട്ടി ഡയറക്ടർ ജനറലിന്റെ മറുപടി ലഭിച്ചത്. എൻ.സി.സി. ബറ്റാലിയനും അക്കാഡമിയും ആരംഭിക്കുന്നതിനായി എൻ.സി.സി. വകുപ്പ് നെടുങ്കണ്ടത്ത് 7 ഏക്കർ ഭൂമി ആർജിച്ചിട്ടുണ്ടെന്നും വസ്തുവിന്റെ രേഖകൾ ലഭ്യമാക്കുന്നതിനുള്ള

നടപടികൾ റവന്യൂ വകുപ്പുമായും, കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടും സ്വീകരിച്ചു വരുന്നതായും പ്രതിവർഷം 58 ലക്ഷം രൂപ റിക്കറിംഗ് ഇനത്തിൽ ചെലവ് പ്രതീക്ഷിക്കുന്നതായും മറ്റ് ചെലവുകൾ സംബന്ധിച്ച് റിപ്പോർട്ട് ഉടൻതന്നെ സർക്കാരിന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റ് തലത്തിൽ 2012-13 സാമ്പത്തിക വർഷത്തിൽ നടപടികൾ സ്വീകരിക്കുന്നതിനായി ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് അപ്രൂവൽ ഇൻ പ്രിൻസിപ്പിൾ എത്രയും വേഗം നൽകണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ടി കത്തിൽ ആവശ്യപ്പെട്ട പ്രകാരം ഫയൽ വീണ്ടും 07.02.2012 –ൽ ധനകാര്യ വകുപ്പിലേക്ക് അനുമതിക്കായി അയച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ